## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 211 — 07.08.2017 ൽ മറുപടിക്ക്

### ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സ.ഉ.(ആർറ്റി) 845/2017/ആകുവ, തീയതി 28.03.2017 പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ.ഉ.(എം.എസ്) 75/2017/ആകുവ, തീയതി 12.5.2017 പ്രകാരം 680 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി. ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 23 കോടി രൂപയുടെ ഭരണാനുമതിയുള്ള വർക്കിംഗ് ഗ്രൂപ്പ് കഴിഞ്ഞു. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഏതാനും പി.എച്ച്.സി-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനക്ഷമമാക്കുന്നതാണ്. ശേഷിക്കുന്നവ 2018 മാർച്ച് 31 ന് മുമ്പ് പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു. അതാത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാർ. ഡോക്ടർമാർ, ഹെൽത്ത് വർക്കേഴ്സ്, ആരോഗ്യവകുപ്പ് ജീവനക്കാർ, സാമൂഹിക നീതി വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന 10 പേർ വീതമുള്ള ഗ്രൂപ്പിന് കിലയിൽ വച്ച് പരിശീലനം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ ഓരോ മണ്ഡലത്തിലും നടപ്പിലാക്കുന്ന ഈപദ്ധതി വഴി എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ; | (ബി) | ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുന്നതോടൊപ്പം പ്രോട്ടോക്കോൾ/ചികിത്സാ മാർഗ്ഗ രേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാകുന്നു. സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ എല്ലാതരത്തിലും രോഗീ സൗഹൃദമാക്കാനും , സാർവത്രികവും , സൗജന്യവും , സമഗ്രവുമായ പ്രാഥമികാരോഗ്യ പരിരക്ഷ ഓരോകുടുംബത്തിനും നൽകുവാനും ആർദ്രത്തിലൂടെ ലക്ഷ്യമിടുന്നു. രോഗപ്രതിരോധത്തിന് ഊന്നൽ നൽകുന്നതിനും പകർച്ച വ്യാധികളും ജീവിത ശൈലീരോഗങ്ങളെ നിയന്ത്രിക്കുന്നതിനും ഉതകുന്ന തരത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളെ പ്രാപ്തമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | സംസ്ഥാനത്തൊട്ടാകെ പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | പകർച്ചവ്യാധി രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള പ്രവർത്തനങ്ങളും ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ